പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2190 — 22.01.2014-ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) സ്പോർട്സ് മേഖലയിൽ രാജ്യാന്തരതലങ്ങളിൽ നേട്ടം കൊയ്യുന്ന പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികൾക്കായി എന്തെല്ലാം പ്രത്യേക പാക്കേജുകൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ;

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഡേ ബോർഡിംഗ് സെന്ററിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ താഴെ പറയുന്ന സ്കൂളുകളിലും ക്ലബ്ബുകളിലും കായിക താരങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിന് പ്രതിദിനം 25 രൂപ നിരക്കിൽ നൽകിവരുന്നു.

1. ഹയർ സെക്കന്ററി സ്കൂൾ പറളി - അത്‌ലറ്റിക്സ്
2. ഹയർ സെക്കന്ററി സ്കൂൾ മുണ്ടൂർ - അത്‌ലറ്റിക്സ്
3. സി.എഫ്.ഡി.വി.എച്ച്.എസ്.എസ്, മാത്തൂർ - അത്‌ലറ്റിക്സ്
4. ടി.ആർ.കെ.എച്ച്.എസ്.എസ് വാണിയംകുളം - അത്‌ലറ്റിക്സ്
5. ജി.എച്ച്.എസ്.എസ് മലമ്പുഴ - ഹോക്കി
6. അസോസിയേഷൻ ഫോർ പ്രൊമോഷൻ ഓഫ് പുട്ബോൾ ടാലന്റ്സ് - ഫുട്ബോൾ

കല്ലടി എച്ച്.എസ്.എസിനെ സ്പോർട്സ് ട്രെയിനിംഗ് സെന്ററിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും 1 ലക്ഷം രൂപ വീതം വർഷംതോറും ധനസഹായം അനുവദിച്ച് വരുന്നു. കൂടാതെ ടി സകൂളിൽ 100 മീറ്റർ 4 വരി സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി ഗവ.വിക്ടോറിയ കോളേജ്, വട്ടേനാട് ഗവ. വി.എച്ച്.എസ്.എസ്, ആലനല്ലൂർ ഗവ. വി.എച്ച്.എസ്.എസ് എന്നിവിടങ്ങളിൽ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നടപടികൾ കായിക യുവജനകാര്യാലയം ആരംഭിച്ചിട്ടുണ്ട്. പാലക്കാട് മേഴ്സി

കോളേജിന് അത്‌ലറ്റിക്സിനായും കിഴക്കാഞ്ചേരി ജി.എച്ച്.എസ്.എസ്-ൽ വോളീബോളിനും സ്പോർട്സ് ഹോസ്റ്റൽ ആരംഭിച്ചിട്ടുണ്ട്. പറളി എച്ച്.എസ്സ്.എസ്സിനും, മുണ്ടൂർ എച്ച്.എസ്സ്.എസ്സിനും കായിക വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 3 ലക്ഷം രൂപ വീതം കായികയുവജന കാര്യാലയത്തിൽ നിന്ന് നൽകിയിട്ടുണ്ട്.

2012-2013 സാമ്പത്തികവർഷത്തിൽ പറളി സ്കൂളിൽ ലോംഗ് ജംപ്, ട്രിപ്പിൾ ജംപ് എന്നിവയിൽ കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനായി സിന്തറ്റിക് റൺവേയോടുകൂടിയ ലോംഗ് ജംപ് പിറ്റ് നിർമ്മിയ്ക്കുന്നതിനായി 6 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)-ൽ നിന്ന് പറളി, മുണ്ടൂർ, കല്ലടി എന്നീ സ്കൂളുകളിലെ ഓരോ കായികതാരങ്ങൾക്ക് പ്രതിമാസം 600 രൂപ വീതവും, 5000 രൂപയുടെ സ്പോർട്സ് കിറ്റും, 1 ലക്ഷം രൂപ കായിക ഉപകരണങ്ങൾ വാങ്ങുവാനും നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | അന്താരാഷ്ട്ര മെഡൽ ജേതാക്കളായ വിദ്യാർത്ഥികളെ ഏഷ്യൻ ഗെയിംസ്, ലോക അത്‌ലറ്റിക് മീറ്റ്, ഒളിമ്പിക്സ് മുതലായ വേദികളിലേയ്ക്ക് എത്തിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത ഉദ്ദേശ്യത്തിനായി ഇനി പറയുന്ന പദ്ധതികൾ ആരംഭിച്ചു, |

1. **എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ**
2. **സ്പെഷ്യൽ എഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം' ഫോർ** സ്വിമ്മിംഗ്
3. **'വിഷൻ ഇന്ത്യാ ഫുട്ബോൾ പ്രോജക്ട്'**
4. തൃപ്രയാറിൽ **ഹൈ പെർഫോർമൻസ്** വോളീബോൾ **ട്രെയിനിംഗ് സെന്റർ**

സെക്ഷൻ ഓഫീസർ